# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3203 14.03.2018-ൽ മറുപടിയ്ക്ക്

## നോർക്ക റൂട്ട്സ് സാന്ത്വന ധനസഹായ പദ്ധതി

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

**ചോദ്യം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നോർക്ക റൂട്ട്സ് സാന്ത്വന ധനസഹായ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു ; വിശദാംശം നല്കമോ ;

(ബി) നോർക്ക ഓഫീസിൽ കെട്ടിക്കിടക്കുന്ന ധനസഹായ അപേക്ഷകൾ തീർപ്പ് കൽപ്പിക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ ;

(സി) ഇതിനായി മലപ്പുറം ജില്ലാ ഓഫീസിൽ ആവശ്യമായ ജീവനക്കാരെ അടിയന്തിരമായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**മറുപടി**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നോർക്ക റൂട്ട്സ് സാന്ത്വന ധനസഹായ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നിന്നും 1100 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 832 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 81 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) യും (സി) യും നോർക്ക ഓഫീസിൽ ധനസഹായ അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നോർക്കയുടെ മലപ്പുറം സെല്ലിൽ ആവശ്യമായ ജീവനക്കാരെ അടിയന്തിരമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ